**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – ബഹു.ഉദുമ എം.എൽ.എ. ശ്രീ.കെ.കുഞ്ഞിരാമൻ അവർകളുടെ ആസ്തി വികസന ഫണ്ട് - പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കണിയംപുരക്കൽ കമ്മാളംകയ-മരുതളം റോഡിൽ മരുതളം പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണം - ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.3029/2018/തസ്വഭവ  തിരുവനന്തപുരം, തീയതി : 05.12.2018**

---

പരാമർശം :-
(1) സ.ഉ.(സാധാ)നം. 332/12/ധന തിയതി 11/06/2012

(2) സ.ഉ.(സാധാ.)നം. 720/2017/ത.സ്വ.ഭ.വ. തിയതി 16.03.17

(3) ബഹു.ഉദുമ എം.എൽ.എ. ശ്രീ.കെ.കുഞ്ഞിരാമൻ അവർകളുടെ 27/12/17 ലെ കത്ത്

(4) 11.09. 2018 ലെ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി5-/10987/18/സി.ഇ/ത.സ്വ.ഭ.വ. നമ്പർ കത്ത്

**ഉത്തരവ്**

ബഹു.ഉദുമ എം.എൽ.എ. ശ്രീ.കെ.കുഞ്ഞിരാമൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം(2) ഉത്തരവ് പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കണിയംപുരക്കൽ കമ്മാളംകയ-മരുതളം റോഡിൽ മരുതളം പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണം എന്ന പ്രവൃത്തിക്ക് 25 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ അപ്രോച്ച് റോഡിന്റെ ഉയരക്കുറവ് മൂലം ടി പ്രവൃത്തിക്കൊണ്ടുള്ള പ്രയോജനം ലഭിക്കാൻ സാധ്യത കുറവാണെന്നും പാലം കൊണ്ടുള്ള പ്രയോജനം ഗ്രാമീണർക്ക് പൂർണ്ണമായും ലഭിക്കത്തക്ക വിധത്തിൽ അപ്രോച്ച് റോഡ് ഉയർത്തി സംരക്ഷണ ഭിത്തി നിർമ്മിച്ച് ടി പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ടെന്നും അഡീഷണൽ പ്രവൃത്തികൾ ടെണ്ടർ സേവിംഗ്സായി നീക്കിയിരിപ്പുള്ള തുക ഉപയോഗിച്ച് ചെയ്യണമെന്നും മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം ഉദുമ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു. ടി പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.99% കുറഞ്ഞ നിരക്കിലാണ് കരാറായതെന്നും ബഹു.എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം അഡീഷണൽ പ്രവർത്തികൾക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് തുക 26,80,000

രൂപയാണെന്നും നിലവിൽ 25 ലക്ഷം രൂപയുടെ ഭരണാനുമതിയാണുള്ളതെന്നും പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 26,80,000 രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.ഉദുമ എം.എൽ.എ ശ്രീ.കെ.കുഞ്ഞിരാമൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം(2) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ കണിയംപുരക്കൽ കമ്മാളംകയ - മരുതളം റോഡിൽ മരുതളം പാലത്തിന്റെയും അപ്രോച്ച് റോഡിന്റേയും നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് 26,80,000/- രൂപയുടെ തയ്യാറാക്കിയിട്ടുള്ളതിനാലും ടി പ്രവൃത്തി ആദ്യത്തെ എസ്റ്റിമേറ്റ്നിരക്കിനേക്കാൾ 9.99% കുറഞ്ഞ നിരക്കിലാണ് കരാർ അനുവദിച്ചിട്ടുള്ളത് എന്നതിനാലും പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള അഡീഷണൽ പ്രവൃത്തി ഉൾപ്പെടെയുള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 26,80,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി 25,00,000/- രൂപയിൽ നിജപ്പെടുത്തി നടപ്പാക്കുന്നതിനു 2016-17 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നിറവേറ്റാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ് .

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ബഹു.ഉദുമ എം.എൽ.എ ശ്രീ.കെ.കുഞ്ഞിരാമൻ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം. 291/എൻ.സി.സി.1/2018/ധന തീയതി 22.11.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ